## AIMS വെബ് പോർട്ടലിലെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ആനുകൂല്യ വിതരണ സംവിധാനം

- കർഷകർ അവരവരുടെ വ്യക്തിഗത വിവരങ്ങൾ, കൃഷിസ്ഥല വിവരങ്ങൾ കൃഷിവിവരങ്ങൾ എന്നിവ എയിംസ് പോർട്ടലിൽ നൽകി **രജിസ്ട്രേഷൻ പൂർത്തിയാക്കുക**. [www.aims.kerala.gov.in] (Farmer Login)

- ഇതിനു ശേഷം കർഷകർക്ക് എയിംസ് പോർട്ടലിൽ ലഭ്യമായിട്ടുള്ള ഓൺലൈൻ സേവനങ്ങളിൽ നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസ ആനുകൂല്യം ലഭിക്കുന്നതിനുള്ള **സേവനം തിരഞ്ഞെടുത്തു ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.** (കൃഷി ഓഫീസർ അപ്പ്രൂവ് ചെയ്ത FIR – ലെ തീയതികൾ മാത്രമേ കർഷകർക്ക് അപേക്ഷയ്ക്കായി തിരഞ്ഞെടുക്കുവാൻ ലഭിക്കുകയുള്ളൂ എന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്) (Farmer Login)

- ഇങ്ങനെ സമർപ്പിക്കുന്ന അപേക്ഷകൾ വാർഡടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റുമാരുടെ ലോഗിനിൽ ലഭ്യമാകുന്നതാണ്. (Agri. Asst. Login)

- കൃഷി അസിസ്റ്റന്റുമാരുടെ ലോഗിനിൽ ലഭിക്കുന്ന അപേക്ഷകളുടെ **പോർട്ടൽ പരിശോധന, നേരിട്ടുള്ള സ്ഥലപരിശോധന** എന്നിവ നടത്തിയതിനുശേഷം അപേക്ഷകന്റെ നഷ്ടത്തിന്റെ തോത് പോർട്ടലിൽ എൻട്രി വരുത്തുന്നു. തുടർന്ന് അപേക്ഷ **കൃഷിഓഫീസർക്ക് ഫോർവേഡ് ചെയ്യുന്നു.** (Agri. Asst. Login)

- ഇപ്രകാരം എയിംസ് പോർട്ടലിൽ AO ലോഗിനിൽ ലഭിക്കുന്ന അപേക്ഷകൾ കൃഷി ഓഫീസർ **പോർട്ടൽ പരിശോധനയും ആവശ്യമാകുന്നപക്ഷം നേരിട്ടുള്ള സ്ഥലപരിശോധനയും** നടത്തിയശേഷം മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ വരുത്തിയശേഷം **അപ്പ്രൂവ് ചെയ്യുന്നു.** (Agri. Officer Login)

- ഇപ്രകാരം അപ്പ്രൂവ് ചെയ്ത അപേക്ഷകൾ കൃഷി ഓഫീസർ തിരഞ്ഞെടുത്തു സ്റ്റേറ്റ്മെൻറ് ആക്കിയതിനുശേഷം എ.ഡി.എ. (കൃഷി അസിസ്റ്റന്റ് ഡയറക്ടർ)യ്ക്ക് ഫോർവേഡ് ചെയ്യുന്നു. (Agri. Officer Login)

- ഇപ്രകാരം AO ലോഗിനിൽ നിന്നും എയിംസ് പോർട്ടലിലെ ADA ലോഗിനിൽ ലഭിക്കുന്ന സ്റ്റേറ്റ്മെന്റുകൾ എ.ഡി.എ. (കൃഷി അസിസ്റ്റന്റ് ഡയറക്ടർ) **പോർട്ടൽ പരിശോധനയും ആവശ്യമാകുന്നപക്ഷം നേരിട്ടുള്ള സ്ഥലപരിശോധനയും** നടത്തിയശേഷം അവരവരുടെ **സാമ്പത്തിക പരിധിക്കുള്ളിലുള്ള സ്റ്റേറ്റ്മെന്റുകൾ സാങ്ങ്ഷൻ ചെയ്യുന്നു [Rs. 1 to 50000].** മറ്റ് സ്റ്റേറ്റ്മെന്റുകൾ [above Rs. 50000] **DDA യ്ക്ക് (DD-Credit) ഫോർവേഡ് ചെയ്യുന്നു.** (ADA Login)

- ഇപ്രകാരം ADA ലോഗിനിൽ നിന്നും എയിംസ് പോർട്ടലിലെ DDA ലോഗിനിൽ ലഭിക്കുന്ന സ്റ്റേറ്റ്മെന്റുകൾ DDA (കൃഷി ഡെപ്യൂട്ടി ഡയറക്ടർ) **പോർട്ടൽ പരിശോധനയും ആവശ്യമാകുന്നപക്ഷം നേരിട്ടുള്ള സ്ഥലപരിശോധനയും** നടത്തിയശേഷം അവരവരുടെ **സാമ്പത്തിക പരിധിക്കുള്ളിലുള്ള സ്റ്റേറ്റ്മെന്റുകൾ സാങ്ങ്ഷൻ ചെയ്യുന്നു [Rs. 50001 to 100000].** മറ്റ് സ്റ്റേറ്റ്മെന്റുകൾ [above Rs. 100000] **PAO യ്ക്ക് ഫോർവേഡ് ചെയ്യുന്നു.** (DDA Login)



Information Technology Division (IT DIVISION), Direct

- ഇപ്രകാരം DDA ലോഗിനിൽ നിന്നും എയിംസ് പോർട്ടലിലെ PAO ലോഗിനിൽ ലഭിക്കുന്ന സ്റ്റേറ്റ്മെന്റുകൾ PAO (പ്രിൻസിപ്പൽ കൃഷി ഓഫീസർ) **പോർട്ടൽ പരിശോധനയും ആവശ്യമാകുന്നപക്ഷം നേരിട്ടുള്ള സ്ഥലപരിശോധനയും** നടത്തിയശേഷം അവരവരുടെ **സാമ്പത്തിക പരിധിക്കുള്ളിലുള്ള സ്റ്റേറ്റ്മെന്റുകൾ സാങ്ഷൻ ചെയ്യുന്നു [Rs. 100001 to 300000].** മറ്റ് സ്റ്റേറ്റ്മെന്റുകൾ [above Rs. 300000] **DA യ്ക്ക് ഫോർവേഡ് ചെയ്യുന്നു.** (PAO Login)

- ഇപ്രകാരം PAO ലോഗിനിൽ നിന്നും എയിംസ് പോർട്ടലിലെ DA ലോഗിനിൽ ലഭിക്കുന്ന സ്റ്റേറ്റ്മെന്റുകൾ Director(കൃഷി ഡയറക്ടർ) **പോർട്ടൽ പരിശോധനയും ആവശ്യമാകുന്നപക്ഷം നേരിട്ടുള്ള സ്ഥലപരിശോധനയും** നടത്തിയശേഷം അവരവരുടെ **സാമ്പത്തിക പരിധിക്കുള്ളിലുള്ള സ്റ്റേറ്റ്മെന്റുകൾ സാങ്ഷൻ ചെയ്യുന്നു [above Rs. 300000].** (DA Login)

- എയിംസ് പോർട്ടലിൽ **വിവിധ ലോഗിനുകളിൽ സാങ്ഷൻ ചെയ്യുന്ന സ്റ്റേറ്റ്മെന്റുകൾ PAO ലോഗിനിൽ ലഭ്യമാകുന്നു.** തുടർന്ന് കൃഷി ഡയറക്ടറേറ്റിൽ ഓരോ ജില്ലകൾക്കും മാറ്റിവച്ചിരിക്കുന്ന ലഭ്യമായ തുകയുടെ വിവരങ്ങൾ പോർട്ടൽ വഴി ലഭ്യമാക്കുന്നു (വിർച്ച്വൽ അലോട്ട്മെൻറ് ). (From Directorate Scheme Manager login to each PAO login– a part of Centralized Direct Benefit Transfer System).

- ഇപ്രകാരം ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ജില്ലകൾ എയിംസ് പോർട്ടലിൽ ലഭ്യമായിട്ടുള്ള **സ്റ്റേറ്റ്മെന്റുകൾ ഡയറക്ടറേറ്റിലേക്ക് പോർട്ടൽ വഴി സമർപ്പിക്കുന്നു.** (PAO Login)

- ഇങ്ങനെ ജില്ലകളിൽ നിന്നും എയിംസ് പോർട്ടൽ വഴി കൃഷി ഡയറക്ടറേറ്റിൽ ലഭിക്കുന്ന സ്റ്റേറ്റ്മെന്റുകൾ ചേർത്ത് പോർട്ടലിൽ തന്നെ **ബില്ലുകൾ, പ്രോസീഡിങ്ങുകൾ തയ്യാറാക്കുകയും,** വിവിധ ലോഗിനുകളിൽ വഴി കൃഷി ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്യുന്നു. കൃഷി ഡയറക്ടറുടെ അനുമതി ലഭിച്ചതിനുശേഷം **ബില്ലുകൾ** പ്ലാനിംഗ്, ഫിനാൻസ്, അക്കൗണ്ട്സ് എന്നി സെക്ഷനുകളുടെ എയിംസ് പോർട്ടലിലെ ലോഗിനുകൾ വഴി തന്നെ **ട്രഷറിയിലേക്ക് ഓൺലൈനായി സമർപ്പിക്കുന്നു. ബില്ലുകൾ ട്രഷറിയിൽ പാസാകുന്ന മുറയ്ക്ക് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ആനുകൂല്യം ലഭിക്കുന്നു.** (From Directorate Scheme Manager login, AO(TR), ADA(TR), JDA(WM), Addl. DA (CP), Director (DA), DD Planning, SFO, Accounts section, DDO logins of Centralized Direct Benefit Transfer System).

- വിശദമായ യൂസർ മാന്വലുകൾക്കായി (User Manual) ഔദ്യോഗിക വെബ്സൈറ്റിന്റെ Employees Corner – നിലെ AIMS – സെക്ഷൻ സന്ദർശിക്കുക [https://keralaagriculture.gov.in/employees-corner/]. അല്ലെങ്കിൽ എയിംസ് പോർട്ടലിൽ ലോഗിൻ ചെയ്യുക [http://aims.kerala.gov.in/].

Information Technology Division ( IT DIVISION), Direct

# AIMS വെബ് പോർട്ടലിലെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ആനുകൂല്യ വിതരണ സംവിധാനം

## Screenshot of Dashboard of a Farmer




ation Technology Division ( IT DIV Direc

AIMS വെബ് പോർട്ടലിലെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ആനുകൂല്യ വിതരണ സംവിധാനം

## Illustration of Work flow in AIMS regarding Online processing facility of Applications received for availing Assistance for Crop loss due to Natural Calamity

